(ബി and സി) പബ്ലിക് സർവ്വീസ് കമ്മീഷൻ, സെക്രട്ടേറിയറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് തുടങ്ങിയ വകുപ്പുകളിലേയ്ക്ക് രണ്ടാം ഗ്രേഡ് അസിസ്റ്റൻറുമാരെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി 20.5.1978-ൽ നടത്തിയ എഴുത്തു പരീക്ഷയെ സംബന്ധിച്ച ചില ആക്ഷേപങ്ങളിൽ പ്രഥമ ദൃഷ്ട്യാ കുറ്റക്കാരാണെന്നുകണ്ട ഉദ്യോഗസ്ഥൻമാരെ സസ്പെൻറു ചെയ്തുകൊണ്ട് അന്വേഷണം നടത്തുകയാണ്. ഇതു സംബന്ധിച്ച് പോലീസ് കേസ് എടുത്തിട്ടുണ്ട്. കുറ്റക്കാരായ ഉദ്യോഗസ്ഥൻമാർക്കെതിരെ ഡിപ്പാർട്ടുമെൻറലായും ശിക്ഷണനടപടികളും എടുക്കുന്നുണ്ട്. കമ്മീഷനിലെ വിജിലൻസ് ആൻറ് സെക്യൂരിറ്റി ആഫീസറെ സഹായിക്കുന്നതിന് ഒരു ഡി. വൈ. എസ്. പി., ഒരു സബ് ഇൻസ്പെക്ടർ, മൂന്ന് കോൺസ്റ്റബിൾമാർ, ഒരു കോൺസ്റ്റബിൾ ഡ്രൈവർ എന്നിവരടങ്ങുന്ന ഒരു വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ കമ്മീഷനിലെ പരീക്ഷാവിഭാഗം കുറ്റമറ്റതും കൂടുതൽ ബന്തവസ് ഉള്ളതുമാക്കാനും വേണ്ട ക്രമീകരണങ്ങളും കമ്മീഷൻ ചെയ്തിട്ടുണ്ട്.

കശുമാങ്ങയിലുള്ള പോഷകപദാർത്ഥങ്ങളുടെ അളവുകൾ

*307 [324] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുമാങ്ങയിലുള്ള വിറ്റാമിനുകളുടേയും പോഷക പദാർത്ഥങ്ങളുടേയും അളവുകൾ എത്രയാണ് എന്ന് കേരളത്തിലെ ഏതെങ്കിലും ലാബോറട്ടറിയിൽ അപഗ്രഥനം ചെയ്ത് അറിയാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ വിവരിക്കുന്ന സ്റ്റേറ്റ്മെൻറ് മേശപ്പുറത്ത് വയ്ക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ.ടി.എസ്. ജോൺ): (എ) ഗവൺമെൻറ് അനലിസ്റ്റു ലാബോറട്ടറിയിൽ പരിശോധനകളൊന്നും നടത്തിയിട്ടില്ല. കേരളത്തിലെ മറേതെങ്കിലും ലാബോറട്ടറികളിൽ അപഗ്രഥനം നടത്തിയിട്ടുള്ളതായി അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സൈലൻറ് വാലി പദ്ധതിയുടെ പ്രവർത്തനം

*308 [325] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലൻറ് വാലി പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(ബി) പണികൾ നിർത്തി വെക്കാൻ ഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി തുടങ്ങുന്നതിന് കേന്ദ്ര ഗവൺമെൻറിനുള്ള എതിർപ്പ് പരിഹരിക്കാൻ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വിശദീകരിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) സൈലൻറ്വാലി പദ്ധതിയുടെ പ്രാഥമിക ജോലികളായ റോഡ് പണി, കെട്ടിട നിർമ്മാണം, പാലങ്ങളുടെ പണി എന്നിവ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അതിനു വേണ്ടി ഇതുവരെ 160 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) പ്ലാനിംഗ് കമ്മീഷൻറെ അഡ്വൈസർ ശ്രീ. റ്റി. ആർ. സതീഷ് ചന്ദ്രൻ 4.7.1978-ൽ അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർക്ക് അയച്ച ഒരു കത്തിലെ നിർദ്ദേശമനുസരിച്ച് പുതിയ പണികളൊന്നും ആരംഭിച്ചിട്ടില്ല.

(സി) ഉണ്ട്. കേന്ദ്രഗവൺമെൻറിൻറെ നിർദ്ദേശമനുസരിച്ച് 30-12-1978-ൽ ''സൈലൻറ്വാലി പ്രൊഡക്റ്റ് ഏരിയ (പ്രൊഡക്ഷൻ ഓഫ് ജയോളജിക്കൽ ബാലൻസ്) ഓർഡിനൻസ്'' എന്ന പേരിൽ കേരള ഗവൺമെൻറ് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇലക്ട്രിസിറ്റി ജീവനക്കാരുടെ പ്രശ്നങ്ങൾ

*309 [326] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രിസിറ്റി ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയോ;

(ബി) ശമ്പളപരിഷ്കരണം നടപ്പിലാക്കിയതോടുകൂടി ബോർഡിന് പ്രതിവർഷം എത്ര കോടി രൂപ അധികച്ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്;

(സി) എഗ്രിമെൻറിനു ശേഷം ബോർഡിൻറെ ഒരു ജീവനക്കാരൻറെ കുറഞ്ഞ ശമ്പളം പ്രതിമാസം എത്രയാണ്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) ഇലക്ട്രിസിറ്റി ബോർഡിലെ 'വർക്ക്മെൻ' കാറ്റഗറിയിലുള്ള എല്ലാ ജീവനക്കാരുടേയും പ്രശ്നങ്ങൾ ഒരു ദീർഘകാല കരാർ മൂലം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഏകദേശം നാലര കോടി രൂപയുടെ അധികച്ചെലവ് ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) എഗ്രിമെൻറിനു ശേഷം ബോർഡിലെ ഒരു ജീവനക്കാരൻറെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 270 രൂപയും വേരിയബിൾ ഡി. എ. യും വീട്ടുവാടക അലവൻസും ഉൾപ്പെടെ ഏകദേശം 380 രൂപയും ആണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 308 കാണുക]

	(എ)	(ബി)	(സി)	(ഡി)	(ഇ)	(എഫ്)	(ജി)
1	123000.00	ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൽട്ടൻസ് ലിമിറ്റഡ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2	1374000.00	കേരള സ്റ്റേറ്റ് സ്മാം ഇൻഡസ്ട്രീസ് കോർപ്പറേഷൻ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3	419000.00	കരകൗശല വികസന കോർപ്പറേഷൻ	ഇല്ല	ഇല്ല	ഇല്ല	ശ്രീ. കുഞ്ഞുകൃഷ്ണൻ നാടാർ എം.എൽ.എ. ഈ കോർപ്പറേഷന്റെ ചെയർമാനായിരുന്നിട്ടുണ്ട്.	ഇല്ല
4	6684755.00	കേരള ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ	ഇല്ല	ഇല്ല	രണ്ട്	ഇല്ല	ഇല്ല
5	411000.00	കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ	ഇല്ല	ഇല്ല	ഒന്ന്	ഇല്ല	ഇല്ല
6	27000.00	കേരള ഫിഷർമെൻ വെൽഫെയർ കോർപ്പറേഷൻ	ഇല്ല	ഇല്ല	ഇല്ല	ഒന്ന് (യു.എ. ബീരാൻ എം.എൽ.എ.) ചാർജ് എടുത്തിട്ടില്ല.	ഉണ്ട്. ശ്രീ. അവുക്കാദർ കുട്ടിനഹ
7	33395.00	കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
8	111784.06	കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
9	57638000.00	കേരള ഫിഷറീസ് കോർപ്പറേഷൻ	ഉണ്ട്	കേരള ഫിഷറീസ് കോർപ്പറേഷൻ	ഇല്ല	ഇല്ല	ഇല്ല
10	13057340.00	സിവിൽ സപ്ലൈസ് കോർപ്പറേഷൻ	ഉണ്ട്	സിവിൽ സപ്ലൈസ് കോർപ്പറേഷൻ	ഇല്ല	ഇല്ല	ഇല്ല
11	8281000.00	ഷിപ്പിംഗ് കോർപ്പറേഷൻ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
12	1848000.00	കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	90008274.06						